# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2010 ജൂലൈ 28

## കമ്മീഷന്റെ നിർദ്ദേശങ്ങൾ വൈദ്യുതി ബോർഡ് ജീവനക്കാർക്ക് എതിരല്ല.

വൈദ്യുതി ബോർഡ് ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾക്കെതിരെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിലകൊള്ളുന്നു എന്ന നിലയിലുള്ള ചില മാദ്ധ്യമ റിപ്പോർട്ടുകൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ബോർഡിന്റെ നടപ്പുസാമ്പത്തിക വർഷത്തെ മൊത്തം ആവശ്യകതാവരുമാനവും (ARR) നിരക്കുകളിൽ നിന്നുള്ള പ്രതീക്ഷിത വരുമാനവും (ERC) സംബന്ധിച്ച് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് സമഗ്രമായി വിലയിരുത്തിയെങ്കിൽ ഇത്തരം നിർഭാഗ്യകരമായ നിലപാടുകൾ ഒഴിവാക്കാനാകുമായിരുന്നു.

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും ബോർഡിന്റെ മൊത്തത്തിലുള്ള പ്രകടനം വിലയിരുത്തുന്നതിന്റെ ഭാഗമായാണ് കമ്മീഷൻ പരിശോധിക്കുന്നത്. ഏറ്റവും ഉദാരമായ സമീപനമാണ് കമ്മീഷൻ ജീവനക്കാരുടെ കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളത്. ഉദാഹരണത്തിന്, 2005-06 ൽ എ.ആർ.ആർ & ഇ.ആർ.സി. രേഖയിൽ ജീവനക്കാരുടെ ശമ്പളത്തിനും ക്ഷാമബത്തയ്ക്കുമായി 350.36 കോടി രൂപയാണ് ബോർഡ് വകയിരുത്തിയിരുന്നത്. യഥാർത്ഥ ചെലവ് 435.54 കോടിയായി ആ വർഷത്തെ ട്രൂയിംഗ് അപ്പ് പെറ്റീഷനിൽ ബോർഡ് തിരുത്തി. ഒരു മടിയും കൂടാതെ കമ്മീഷൻ അത് അനുവദിച്ചു നൽകി. 2006-07 ൽ ഇത് യഥാക്രമം 443.70 കോടിയും 493.07 കോടിയുമായാണ് ബോർഡ് സമർപ്പിച്ചത്. ഈ വ്യത്യാസവും കമ്മീഷൻ അംഗീകരിച്ചിരുന്നു. ഇതിൽ നിന്ന് എ.ആർ.ആർ & ഇ.ആർ.സി. ഉത്തരവിൽ കമ്മീഷൻ അനുവദിച്ച തുകയിൽ കൂടുതൽ ഈയിനത്തിൽ ചെലവ് വന്നാലും ട്രൂയിംഗ് അപ്പ് ഉത്തരവിൽ വർദ്ധന അംഗീകരിക്കുന്ന കീഴ്വഴക്കം നിലനിൽക്കുന്നുണ്ട്. തികച്ചും നിയമവിധേയമായി പ്രവർത്തിക്കുന്ന കമ്മീഷന്റെ ഉത്തരവുകൾ ഓരോന്നും രണ്ട് കാര്യങ്ങളിൽ അടിയുറച്ചവയാണ്. ഒന്ന്, മിതമായ നിരക്കിൽ ഉപഭോക്താവിന് ഗുണനിലവാരമുള്ള വൈദ്യുതിയും മികച്ച സേവനവും ലഭ്യമാക്കുകയും അതേ സമയം ലൈസൻസിയെ ആരോഗ്യകരമായി നിലനിർത്തുകയും ചെയ്യുക എന്നിവയാണ് അവ. ലൈസൻസി ആരോഗ്യകരമായി നിലനിൽക്കണമെങ്കിൽ കമ്മിയില്ലാത്ത അവസ്ഥയുണ്ടാകണം. അതേ സമയം, കമ്മി നികത്താനായി ഉപഭോക്താവിന് മേൽ അധിക ഭാരം അടച്ചേൽപ്പിക്കുകയും അരുത്. അതുകൊണ്ട് തന്നെ കമ്മി നികത്താൻ മറ്റൊരു മാർഗ്ഗവും നിലവിലില്ലെന്ന് ബോധ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ നിരക്ക് വർദ്ധനയെ അനുകൂലിക്കാൻ കമ്മീഷന് കഴിയൂ.

ബോർഡിന്റെ ആരോഗ്യകരമായ നിലനിൽപ്പിന് ആവശ്യമായ ഒട്ടേറെ നിർദ്ദേശങ്ങൾ 2003 മുതൽ കമ്മീഷൻ നൽകി വരുന്നുണ്ട്. ഇക്കാര്യങ്ങൾ ബോർഡ് ഇതുവരെ ഫലപ്രദമായി നിർവ്വഹിച്ചിട്ടില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുക, ഉൽപ്പാദനക്ഷമത കൂട്ടുക, ചെലവുകൾ നിയന്ത്രിക്കുക, പദ്ധതി നിർവ്വഹണം കുറയ്ക്കാതിരിക്കുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക, സേവന നിലവാരച്ചട്ടം നടപ്പാക്കുക തുടങ്ങിയ നിർദ്ദേശങ്ങളോട് ഉദാസീന മനോഭാവം കാണിക്കുന്നതായി കമ്മീഷന് ബോദ്ധ്യപ്പെട്ടത്. ഈ സാഹചര്യത്തിലാണ് ഈ വർഷത്തെ എ.ആർ.ആർ & ഇ.ആർ.സി. ഉത്തരവിൽ ചില കർശന നിർദ്ദേശങ്ങൾ കമ്മീഷൻ നൽകിയത്. പൊതുവിൽ, ബോർഡ് ജീവനക്കാരുടെ ശമ്പളത്തിനും ആനുകൂല്യത്തിനുമായി വകയിരുത്തുന്ന തുക അതേപടി അംഗീകരിക്കുകയാണ് കമ്മീഷൻ ചെയ്യാറുള്ളത്. 2009-10 ൽ ഈയിനത്തിൽ 1069.96 കോടി കാണിച്ചിരുന്നത് കമ്മീഷൻ അംഗീകരിച്ചു. ഈ വർഷം അത് 1690.42 കോടിയായി ഉയർന്നു. അതായത് 58 ശതമാനം വർദ്ധന. 2219 കോടിയുടെ കമ്മി പ്രതീക്ഷി

ക്കുന്ന ബഡ്ജറ്റിലാണ് ഈ വർദ്ധന എന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. നിലവിലുള്ള നിരക്കിൽ 1.50 രൂപയുടെ (ഏകദേശം 45%) വർദ്ധനവ് വരുത്തിയാലേ ഈ കമ്മി നികത്താനാകൂ. പക്ഷെ, കമ്മീഷൻ ഇത് അംഗീകരിച്ചില്ല. ബോർഡിന്റെ കണക്ക് പ്രകാരം മുൻ വർഷം ഒരു യൂണിറ്റ് വൈദ്യുതിയിന്മേൽ 77 പൈസ ആയിരുന്ന തൊഴിൽ ചെലവ് ഈ വർഷം 114 പൈസയാക്കി വർദ്ധിപ്പിക്കുന്ന പെറ്റീഷനാണ് ബോർഡ് നൽകിയത്. വൈദ്യുതിയുടെ വില താരതമ്യേന ഏറ്റവും കുറവാണെങ്കിലും ശമ്പള ചെലവ് ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. 2002-03 ൽ തുടങ്ങി 2010-11 വരെ തൊഴിൽ ചെലവിൽ ശരാശരി 12.5 ശതമാനം വർദ്ധന രേഖപ്പെടുത്തുമ്പോൾ ഈ വർഷം 16.5 ശതമാനം വർദ്ധനയാണ് കമ്മീഷൻ അനുവദിച്ചത്. മുൻ വർഷം ആവശ്യപ്പെട്ടതിൽ നിന്നും 178 കോടി ഈ വർഷം അധികമായി അനുവദിച്ചിട്ടുണ്ട്. ശമ്പളത്തിൽ ഏഴ് ശതമാനം വർദ്ധനയും (ആറാം ശമ്പള കമ്മീഷൻ 3 ശതമാനം വർദ്ധനയാണ് ശുപാർശ ചെയ്തത്) അനുവദിച്ചു. ക്ഷാമബത്ത 6% വീതം രണ്ട് ഗഡുക്കളും കമ്മീഷൻ അംഗികരിച്ചിരുന്നു. ഇത് അപര്യാപ്തമാണെങ്കിൽ മുൻ വർഷങ്ങളിലേതുപോലെ വർദ്ധിപ്പിക്കാവുന്നതേയുള്ളൂ. ക്ഷാമബത്ത കുടിശ്ശികയാകാതെ യഥാസമയം നൽകണമെന്ന് കമ്മീഷന്റെ ഒരു ഉത്തരവിൽ നിർദ്ദേശമായി തന്നെ നൽകിയിട്ടുണ്ട്. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന ഡി.എ. വർദ്ധന കമ്മീഷനോട് അനുവാദം ആവശ്യപ്പെടാതെ തന്നെ നൽകാവുന്നതാണെന്ന് ബോർഡിനെ അറിയിച്ചിട്ടുണ്ട്. ശമ്പളം, ക്ഷാമബത്ത, പെൻഷൻ എന്നിവയിൽ ഒരു കുറവും വരുത്തുന്നതിനും കമ്മീഷൻ നിർദ്ദേശിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ വക ചെലവുകൾ നിയന്ത്രാണാതീതവും ഉടമ്പടികളുടെ ഭാഗവുമായതിനാൽ കുറക്കേണ്ടതില്ലെന്നാണ് കമ്മീഷന്റെ കാഴ്ചപ്പാട്. എന്നാൽ, ജീവനക്കാരുടെ ഉൽപ്പാദനക്ഷമതയുടെ അടിസ്ഥാനത്തിലായിരിക്കണം ശമ്പളം പുതുക്കി നിശ്ചയിക്കൽ എന്ന നിർദ്ദേശം കമ്മീഷൻ നൽകിയിട്ടുണ്ട്. ശമ്പളം പുതുക്കൽ ചർച്ചകളിൽ ഉൽപ്പാദനക്ഷമത നിർണ്ണായക ഘടകമാണെന്നിരിക്കെ അതിൽ ആശയക്കുഴപ്പത്തിന് കാരണമില്ല. ശമ്പള വർദ്ധനമൂലമുണ്ടാകുന്ന അമിതഭാരം ഉപഭോക്താക്കൾക്ക് മേൽ വരാതിരിക്കാനുള്ള ശ്രമമെന്നതിലുപരി ബോർഡിന്റെ നിലനിൽപ്പിന് കൂടി വേണ്ടിയാണെന്ന് മനസ്സിലാക്കാൻ സാമാന്യ ബുദ്ധി മതിയാകും. ചുമരില്ലാതെ ചിത്രമെഴുതാനാവില്ലല്ലോ?

കമ്മീഷന്റെ ഉത്തരവ് നടപ്പാക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുള്ള പക്ഷം ബോർഡിനോട് ഒരു മാസത്തിനകം കമ്മീഷനെ സമീപിക്കാൻ നിർദ്ദേശിച്ചിരുന്നു. പക്ഷെ, അത്തരമൊരു നീക്കം ബോർഡിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

ആക്ടിന് വിധേയമായി മാത്രമാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്. ആരോഗ്യകരമായ നിലനിൽപ്പിന് ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുമെന്നാണ് കമ്മീഷന്റെ പ്രതീക്ഷ. കമ്മീഷന്റെ ഉത്തരവുകളും ബന്ധപ്പെട്ട രേഖകളും കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (www.erckerala.org). ഈ വിഷയം സംബന്ധിച്ചുള്ള വിശദീകരണങ്ങളും വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണ്. താൽപ്പര്യമുള്ള ആർക്കുവേണമെങ്കിലും അവ പരിശോധിച്ച് കമ്മീഷന്റെ പ്രവർത്തനങ്ങളുടെ സുതാര്യത ബോദ്ധ്യപ്പെടാവുന്നതാണ്.

**സെക്രട്ടറി**

**PRESS RELEASE**

It is observed that continuously misleading reports and statements about the Commission are appearing in the media in these days. It appears to be aimed at misrepresentation of facts so as to create confusion among the employees of the Electricity Board and the public in general. These reports are without proper analysis of the orders issued by the Commission. Hence, the Commission feels it appropriate to issue this press release to present the facts.

Kerala State Electricity Regulatory Commission was established in the year 2002 to regulate the power sector in the State of Kerala and is vested with the licensing and tariff determination functions of the electricity licensees along with protection of the interests of the Consumers and the licensees. The Commission is duty bound to regulate the functioning of all licensees including KSEB. While doing so the Commission has to evaluate the performance of licensees to see whether they are functioning at the best interests of the Consumers.

The Commission has not denied or curtailed any genuine claims of DA or salary of the existing employees or pension claims of pensioners as alleged in the reports. Existing salary, DA and pension are considered as uncontrollable items of expenditure in the tariff determination process. In the past also all such increases in salary and DA have been allowed even if it was higher than approved level while finalizing each year's accounts (see the Table attached). In one of the previous Orders, the Commission had stated that "*the increase in DA due to inflation has to be allowed to KSEB employees as and when it becomes due and shall not be permitted to accrue.*" There is also a provision in the Electricity Act that there shall not be any deterioration in the terms and conditions of employees in the reform process.

Generally, the Commission accepts the projections of the licensee KSEB regarding employee costs. In 2009-10, the Board has projected the total employee costs as Rs.1069.96 crore which was allowed by the Commission. However, in 2010-11 the Board has projected Rs.1690.42 Crore as employee costs which is about 58% higher than the figure approved for previous year. This projection is to be viewed in the light of overall revenue gap of Rs.2219.60 crore projected by the Board which would have caused a hike of about 150 paise per unit for all consumers. The employee cost was projected to increase from 77 paise per unit in 2009-10 to 2010-11 to 114 paise (ie., 37 paise in one year). It is to be made clear that any increase in



KPFC Bhavanam, C.V. Raman Pillai Road, Vellayambalam, Thiruvananthapuram – 695 010
Phone (0471) 2735544, Fax: (0471) 2735599 Email: kserc@erckerala.org Website: erckerala.org

cost means increase in tariff. Therefore Commission can allow only justified expenditure.

The average increase in employee costs from 2002-03 to 2010-11 is about 12.5%, where as the Commission allowed 16.5% increase in 2010-11 over the 2009-10 level projected by the Board. Salary increase was allowed at 7% as projected by the Board (even the 6th Pay Commission envisages only 3%) and two installments of DA @6% was also allowed. If such provision is inadequate, it has to be enhanced as has been done in the past. The Commission has no hesitation to allow such expenses since these claims are part of the already existing tripartite wage revision agreement. These genuine increases were ultimately allowed as such in the Truing up process. The Commission specifically directed the Board to revise the budget as per the order and if any difficulties are encountered to approach the Commission for review within one month. However no review has been sought by the Board till date.

Regarding pay revision, the Commission is not against the revision but has given a direction that it has to be justified through increase in productivity. It is an established practice that wage revision negotiations in the Board are linked with increase in productivity. Hence there is nothing new in the directions of the Commission to achieve the overall objective.

Till the regulatory intervention, KSEB could transfer and treat any increases in expenses as subsidy receivable from the Government. Even now such amount is pending with the Government. However, in the regulatory regime, the increase in expenses is translated to increase in tariff, unless government wishes to provide subsidy. Before transferring all burden to consumers tariff, the Commission is duty bound to ensure efficiency and economy. The Commission is not in a position to accept the tendency of unabated transfer of increase in costs to the consumers. Consumers have the obligation to pay only efficient costs. There is no dilution on the principles as per the provisions of the Act.

Per unit cost excluding generation/power purchase cost in Kerala is one of the highest in the country. Hence the consumers are not enjoying the benefits of low cost power available in Kerala due to the high administration costs. Such costs cannot be sustainably funded from the tariffs hence cost reduction is inevitable and from 2003 onwards Commission is directing the Board to take credible measures to curtail the costs. Even after 7 years of regulatory intervention, KSEB could not effectively implement many of the directions issued by the Commission. Hence in the 2010-11 order the Commission strongly took a note of such negligence and initiated steps for ensuring measures to improve efficiency, which may be the reason for the criticism of the Commission from some corners. In the 2011-10 order, the

Commission has reported the weak performance in many areas such as capital expenditure (56% of the target in 2008-09, generation 13% only), loss of crores of funds in APDRP, RGGVY schemes, failure to implement standards of performance, arrear collection, faulty meter replacement etc., The Commission is of the firm opinion that in the changing environment committed efforts are required to ensure efficiency to promote consumer interests.

It is essential that a financially sustainable Board is essential for effective electricity service in the State. Long run sustainability is ensured when efficiency and productivity and economy are ensured. The Commission will endeavor to function as envisaged in the Act. In its efforts to achieve best possible services from the electricity Licensees in Kerala, the Commission seeks co-operation and support of consumers and licensees including their employees. All the Orders of the Commission and a detailed note on the subject are placed in the website (www.erckerala.org) of the Commission for the information of public and other stakeholders.

**Sd/-**
**Secretary**

**Employee cost Approved and Allowed in various Years after year end adjustments (Truing up)**

| | Salary (Rs. Crore) | | | DA (Rs. Crore) | | |
|---|---|---|---|---|---|---|
| | Approved in ARR Order | Actuals | Allowed after Truing up by the Commission | Approved in ARR Order | Actuals | Allowed after Truing up by the Commission |
| 2003-04 | 303.37* | 212.94 | 212.94 | | 151.75 | 151.75 |
| 2004-05 | 313.00* | 232.51 | 232.51 | | 161.95 | 169.95 |
| 2005-06 | 219.12 | 251.82 | 251.82 | 140.24 | 183.72 | 183.72 |
| 2006-07 | 243.70 | 297.76 | 297.76 | 200.00 | 195.31 | 195.31 |

*salary & DA together

**Employee Cost & pension approved in the Aggregate Revenue Requirements (ARR) for various years**

| | Employee Cost (Rs. Cr) | | Pension (Rs. Crore) | |
|---|---|---|---|---|
| | Projected by KSEB | Approved by the Commission | Projected by KSEB | Approved by the Commission |
| 2007-08 | 965.00 | 1,090.00 | 319.89 | 319.89 |
| 2008-09 | 1,136.86 | 1,136.86 | 411.60 | 411.60 |
| 2009-10 | 1,069.96 | 1,069.96 | 419.91 | 419.91 |

KERALA STATE
ELECTRICITY REGULATORY COMMISSION

No.1235/ARR&ERC 10-11/KSERC/2010 July 28, 2010

To
The Special Officer
Managing Committee, KSEB
Vydhyuthi Bhavan, Pattom
Thiruvananthapuram

Sir,

Sub:- Revision of DA/DR to Board employees/Pensioners – reg
Ref:- Letter No.KSEB/TRAC/TF-08/562 DATED 27-7-2010

Please refer to your letter cited. I am directed to inform you that the expenditure on account of DA/DR increases announced by the Government from time to time can be paid to the employees and pensioners without reference to the Commission. Any additional expenditure in this regard over and above the approved expenditure can be considered at the time of truing up as has been done in the previous years. It is pointed out that an increase of 62% (Rs.302.96 Crore as against Rs.187.39 crore in 2009-10) was approved for 2010-11 on account of DA for employees by the Commission.

Yours faithfully

(K.S.Premachandra Kurup)
Secretary

KPFC Bhavanam, C.V. Raman Pillai Road, Vellayambalam, Thiruvananthapuram-695 010
Phone: (471) 273 5544, Fax: (471) 273 5599 Email: kserc@erckerala.org www.erckerala.org